# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/57/2018 2018 മാർച്ച് 16

## പത്രക്കുറിപ്പ്

### എം.ജി.യിൽ ജൈവ സ്റ്റുഡന്റ് സ്റ്റാർട്ടപ്പിന് ഇന്ന് തുടക്കമാകും

ജൈവ ജീവനത്തിനുതകുന്ന നവീനാശയങ്ങളെ പൊതു സമൂഹത്തിലെത്തിക്കാനും ഉല്പന്ന വൽക്കരിക്കാനുമായി മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സ്റ്റുഡന്റ് സ്റ്റാർട്ട് അപ്പ് സംവിധാനത്തിന് ഇന്ന് (ശനി) തുടക്കമാകും. ഹരിത കേരളം പദ്ധതി മുന്നോട്ടുവയ്ക്കുന്ന ജൈവകൃഷി, മാലിന്യനിർമ്മാർജ്ജനം, ജലസംരക്ഷണം, ശുചിത്വം എന്നീ മേഖലകളിലുള്ള സംരംഭകത്വാശയങ്ങൾക്കാണ് സ്റ്റുഡന്റ് സ്റ്റാർട്ടപ്പ് സംവിധാനത്തിലൂടെ പരിപോഷണം നൽകുക.

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ബിസിനസ് ഇന്നൊവേഷൻ ആന്റ് ഇൻക്യുബേഷൻ സെന്ററിന്റെയും അന്തർസർവ്വകലാശാലാ സുസ്ഥിര ജൈവ കൃഷി കേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിലാണ് സ്റ്റുഡന്റ് സ്റ്റാർട്ടപ്പ് ആരംഭിക്കുക.

നവീന ആശയ സാക്ഷാത്ക്കാരത്തിനായി വിദ്യാർത്ഥി സംരംഭകരെ പ്രാപ്തരാക്കുകയാണ് ലക്ഷ്യം. ശാസ്ത്ര സാങ്കേതിക ധനകാര്യ മാനേജ്മെന്റ് മേഖലകളിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ പരിശീലനം നൽകും. വാണിജ്യാടിസ്ഥാനത്തിൽ നേട്ടമുണ്ടാകുന്ന ആശയങ്ങളെ പേറ്റന്റ് സംവിധാനത്തിൽ രജിസ്റ്റർ ചെയ്യാനുള്ള സഹായവും നൽകും. പരീക്ഷണശാലകളിൽ ഉല്പാദിപ്പിക്കുന്ന വിജ്ഞാനത്തെ പൊതുസമൂഹത്തിൽ എത്തിക്കുവാനുള്ള ശ്രമമാണ് സ്റ്റാർട്ടപ്പ് ലക്ഷ്യമിടുന്നത്. വിദ്യാർത്ഥികളെ തൊഴിലന്വേഷകരിൽ നിന്നും തൊഴിൽദായകരാക്കി മാറ്റുന്ന പ്രക്രിയയാണ് നടക്കുക.

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള പഠനവകുപ്പുകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും നിലവിലുള്ള വിദ്യാർത്ഥികൾക്കും കഴിഞ്ഞ മൂന്നു വർഷത്തിനകം പഠനം പൂർത്തിയായ പൂർവ്വ വിദ്യാർത്ഥികൾക്കും സ്റ്റുഡന്റ്സ് സ്റ്റാർട്ടപ്പിലേക്ക് അപേക്ഷകൾ സമർപ്പിക്കാം. ഉല്പന്നവൽക്കരിക്കാവുന്ന ആശയമുള്ളവരായിരിക്കണം. ഇവർക്ക് ഇന്ന് വൈകീട്ട് 4 മണി മുതൽ www.biic.org.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം.

ഉച്ച കഴിഞ്ഞ് 2 മണിക്ക് സ്കൂൾ ഓഫ് കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിക്കും. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കേരളത്തിലെ ചീഫ് ജനറൽ മാനേജർ എസ്. വെങ്കിട്ടരാമൻ സ്റ്റുഡന്റ് സ്റ്റാർട്ടപ്പ് ഉദ്ഘാടനം ചെയ്യും. പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. എ. ജോസ്, രജിസ്ട്രാർ എം.ആർ. ഉണ്ണി, സ്റ്റേറ്റ് എൻ.എസ്.എസ്. പ്രോഗ്രാം കോർഡിനേറ്റർ ഡോ. കെ. സാബുക്കുട്ടൻ, ബി.ഐ.ഐ.സി. ഡയറക്ടർ ഡോ. ആർ. ഗിരീഷ്കുമാർ എന്നിവർ സംസാരിക്കും.

### പുതുക്കിയ പരീക്ഷാ തീയതി

ആറാം സെമസ്റ്റർ യു.ജി. (സി.ബി.സി.എസ്.എസ്. - 2015 അഡ്മിഷൻ റഗുലർ/2013 - 2014 അഡ്മിഷൻ റീ അപ്പിയറൻസ്) മാർച്ച് 2018 പരീക്ഷയിലെ ബി.എ. അറബിക് (മോഡൽ 2) കോർ കോഴ്സ് - വിമൻ റൈറ്റിംഗ്സ് ഇൻ അറബിക് പരീക്ഷ മാർച്ച് 23ൽ നിന്നും 26ലേക്കും ബി.എ. ആർക്കിയോളജി ആന്റ് മ്യൂസിയോളജി കോഴ്സിന്റെ കോർ കോഴ്സ് - ആർക്കിയോളജിക്കൽ സൈറ്റ്സ് ആന്റ് മോണുമെന്റ്സ് ഇൻ ഇന്ത്യ എന്ന പേപ്പറിന്റെ പരീക്ഷ മാർച്ച് 21ൽ നിന്നും 23ലേക്കും ഈ കോഴ്സിന്റെ ചോയ്സ് ബേസ്ഡ് കോർ കോഴ്സ് - ഹിസ്റ്ററി ഓഫ് ഹ്യൂമൻ റൈറ്റ്സ് മൂവ്മെന്റ്സ് ഇൻ ഇന്ത്യ എന്ന പേപ്പറിന്റെ പരീക്ഷ മാർച്ച് 23ൽ നിന്നും 21ലേക്കും മാറ്റി പുതുക്കി നിശ്ചയിച്ചു. പരീക്ഷാ കേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

**<u>അപേക്ഷാ തീയതി</u>**

ഒന്നാം സെമസ്റ്റർ എം.എസ്.സി. ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ (പുതിയ സ്കീം 2017 അഡ്മിഷൻ റഗുലർ & 2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ ഏപ്രിൽ 11ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 23 വരെയും 50 രൂപ പിഴയോടെ 26 വരെയും 500 രൂപ സൂപ്പർഫൈനോടെ 28 വരെയും സ്വീകരിക്കും. പരീക്ഷ ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ ഇന്റേണൽ മാർക്കുകൾ അപ്ലോഡ് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന കോളേജുകളിൽ നിന്നും സർവ്വകലാശാലാ ഉത്തരവിൻ പ്രകാരമുള്ള പിഴ ഈടാക്കുന്നതാണ്.

മൂന്നാം സെമസ്റ്റർ എം.എസ്.സി. ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ (പുതിയ സ്കീം 2016 അഡ്മിഷൻ റഗുലർ & 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഏപ്രിൽ 4ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 20 വരെയും 50 രൂപ പിഴയോടെ 21 വരെയും 500 രൂപ സൂപ്പർഫൈനോടെ 23 വരെയും സ്വീകരിക്കും.

മൂന്നാം പ്രൊഫഷണൽ ബി.എച്ച്.എം.എസ്. (പഴയ സ്കീം 2004ന് മുമ്പുള്ള അഡ്മിഷൻ) കോഴ്സിന് അവസാന മേഴ്സി ചാൻസ് പരീക്ഷ നടത്തും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 5 വരെയും 50 രൂപ പിഴയോടെ 6 വരെയും 500 രൂപ സൂപ്പർഫൈനോടെ 9 വരെയും സ്വീകരിക്കും. സ്പെഷ്യൽ ഫീസായി 5000 രൂപ നിശ്ചിത പരീക്ഷാ ഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കേണ്ടതാണ്.

തൊടുപുഴ സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസിലെ ഒന്നാം സെമസ്റ്റർ എം.ടെക് (2017 അഡ്മിഷൻ റഗുലർ) പരീക്ഷകൾ ഏപ്രിൽ 3ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 19 വരെയും 50 രൂപ പിഴയോടെ 20 വരെയും 500 രൂപ സൂപ്പർഫൈനോടെ 22 വരെയും സ്വീകരിക്കും. പേപ്പറൊന്നിന് 150 രൂപ വീതം സി.വി. ക്യാമ്പ് ഫീസായി പരീക്ഷാ ഫീസിനു പുറമെ അടയ്ക്കണം.

ഒന്നാം സെമസ്റ്റർ എം.സി.എ. (അഫിലിയേറ്റഡ് കോളേജുകൾ/സി.പി.എ.എസ് & അഫിലിയേറ്റഡ് കോളേജുകളിലെ 2012 മുതൽ 2016 വരെ അഡ്മിഷൻ സപ്ലിമെന്ററി, 2013 – 2016 അഡ്മിഷൻ ലാറ്ററൽ എൻട്രി സപ്ലിമെന്ററി, അഫിലിയേറ്റഡ് കോളേജുകളിലെയും സി.പി.എ.എസിലെയും 2011 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്) പരീക്ഷ ഏപ്രിൽ 12ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 21 വരെയും 50 രൂപ പിഴയാടെ 22 വരെയും 500 രൂപ സൂപ്പർഫൈനോടെ 24 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 150 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 150 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനു പുറമെ അടയ്ക്കണം. ലാബ് പരീക്ഷകൾ വീണ്ടുമെഴുതുന്നവർ നിശ്ചിത ഫീസ് അടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**<u>പരീക്ഷാ തീയതി</u>**

ആറാം സെമസ്റ്റർ യു.ജി. (സി.ബി.സി.എസ്.എസ്.) മാർച്ച് 2018 പരീക്ഷയിലെ യു.ജി.സി. സ്പോൺസേഡ് ബി.കോം ടാക്സേഷൻ കോഴ്സിന്റെ ഇൻകംടാക്സ് അസസ്മെന്റ് ആന്റ് പ്ലാനിംഗ് എന്ന പേപ്പറിന്റെ പരീക്ഷ മാർച്ച് 19ന് നടത്തുന്നതാണ്.

**<u>പരീക്ഷാഫലം</u>**

2016 നവംബറിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ. ഫിലോസഫി, എം.എ. സംസ്കൃതം ജനറൽ (പ്രൈവറ്റ് രജിസ്ട്രേഷൻ റഗുലർ) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 31 വരെ അപേക്ഷിക്കാം.

2016 നവംബറിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ. ഹിന്ദി (പ്രൈവറ്റ്/പ്രൈവറ്റ് സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 31 വരെ അപേക്ഷിക്കാം.

2016 നവംബറിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ. പൊളിറ്റിക്സ് (പ്രൈവറ്റ്/പ്രൈവറ്റ് സപ്ലിമെന്ററി, രണ്ടാം സെമസ്റ്റർ നോൺ സി.എസ്.എസ്. സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 31 വരെ അപേക്ഷിക്കാം.

2016 നവംബറിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ/ഒന്നാം വർഷ എം.എസ്.സി. മാത്തമാറ്റിക്സ് (പ്രൈവറ്റ് റഗുലർ, സപ്ലിമെന്ററി/ രണ്ടാം സെമസ്റ്റർ നോൺ സി.എസ്.എസ്. സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 31 വരെ അപേക്ഷിക്കാം.

2017 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എഡ്. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 27 വരെ അപേക്ഷിക്കാം.

**<u>സ്റ്റീഫൻ ഹോക്കിങ് അനുസ്മരണം</u>**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിന്റെ ആഭിമുഖ്യത്തിൽ സ്റ്റീഫൻ ഹോക്കിങ് അനുസ്മരണയോഗം നടത്തി. ന്യൂട്ടണും ഐൻസ്റ്റീനും സമശീർഷനാണ് സ്റ്റീഫൻ ഹോക്കിങ് എന്നും ശാരീരികമായ നിരവധി വൈകല്യങ്ങൾക്കും പരിമിതികൾക്കും തടയാനാവാത്ത ആവേശത്തോടെ പ്രപഞ്ചത്തിന്റെ കാലസീമകളിലേക്ക് വീൽചെയറിൽ സഞ്ചരിച്ച ആ അതുല്യപ്രതിഭ നമുക്കെല്ലാവർക്കും മാതൃകയാണെന്നും പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പ്രസ്താവിച്ചു. വിശേഷപ്പെട്ട ശാസ്ത്ര പ്രവർത്തനങ്ങൾക്കൊപ്പം തന്നെ ഗുരുത്വസിദ്ധാന്തത്തെ അധികരിച്ച് സമൂഹത്തിന്റെ വിജ്ഞാനവും കൗതുകവും ഉയർത്തുന്ന പുസ്തകങ്ങൾ രചിക്കുകയും നിരവധി ദേശങ്ങളിൽ സഞ്ചരിച്ച് പ്രഭാഷണങ്ങൾ നടത്തുകയും ചെയ്ത അദ്ദേഹത്തിന്റെ ജീവിതം യുവതലമുറയ്ക്ക് പ്രചോദനവും ആവേശവും ആകണമെന്ന് അദ്ദേഹം പറഞ്ഞു. ക്വാണ്ടം ഗുരുത്വ കല്പനകളുടെ പ്രവർത്തനം തീവ്രമാകുന്ന തമോഗർത്തങ്ങൾ, നവജാത പ്രപഞ്ചം എന്നിവയുടെ ഭൗതിക പ്രവർത്തനങ്ങളെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ ദർശനങ്ങളും സംഭാവനകളും കാലാതീതമാണെന്ന് ഭൗതിക ശാസ്ത്രവിഭാഗം മേധാവി പ്രൊഫ. കെ. ഇന്ദുലേഖ ചൂണ്ടിക്കാട്ടി. പ്രൊഫ. മോൻസി വി. ജോൺ, പ്രൊഫ. നന്ദകുമാർ കളരിക്കൽ എന്നിവർ അനുസ്മരണങ്ങൾ നടത്തി.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**